

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പരപ്പ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി .11-1052/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 31/12/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരപ്പ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)ജോയന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.

3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി .11-1052/2024 തീയ്യതി: 31/12/2024

കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അനിൽ മാത്യു ഐപ്പ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	16-12-2024	21-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-12-2024	21-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. തോമസ് കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രഘുനാഥൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. കെ സി.കൃഞ്ഞികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരി വേണുഗോപാലൻ കെ വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.എം ലക്ഷ്മി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.സുമേഷ് കുമാർ പി.കെ	സെക്രട്ടറി	01-04-2023	07-07-2023
ശ്രീ.വിജയകുമാർ എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	08-07-2023	18-07-2023
ശ്രീ.ജോസഫ് എം ചാക്കോ	സെക്രട്ടറി	19-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുനിൽകുമാർ വി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (LID&EW)	01-04-2023	20-11-2023
ശ്രീ.സുമേഷ് എൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (LID&EW)	21-11-2023	31-03-2024
ശ്രീ.സനൽ എ തോമസ്	അസിസ്റ്റന്റ് എഞ്ചിനിയർ (LID&EW)	01-04-2023	31-03-2024
ശ്രീമതി.സുകന്യ കെ	പട്ടികജാതി വികസന ഓഫീസർ	01-04-2023	04-05-2023
ശ്രീ.ശരത് ടി.വി	പട്ടികജാതി വികസന ഓഫീസർ	05-05-2023	31-03-2024
ശ്രീ.അബിൻ മോഹൻ	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ.ബിജു കെ.എൽ	പട്ടിക വർഗ്ഗ വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീമതി.ലത പി	ശിശു വികസന പദ്ധതി ഓഫീസർ	01-04-2023	16-08-2023
ശ്രീമതി.ജയശ്രീ പി.കെ	ശിശു വികസന പദ്ധതി ഓഫീസർ	17-08-2023	31-03-2024
ശ്രീമതി.ലത പി	ശിശു വികസന പദ്ധതി ഓഫീസർ പരപ്പ അഡീഷണൽ	01-04-2023	31-03-2024
ശ്രീമതി.സുമ ഡി.എൽ	അസിസ്റ്റന്റ് ഡയറക്ടർ കൃഷി	01-04-2023	09-08-2023
ശ്രീമതി.ഉമ എസ്	അസിസ്റ്റന്റ് ഡയറക്ടർ കൃഷി	10-08-2023	31-10-2023
ശ്രീ.അരുൺ ടി.ടി	അസിസ്റ്റന്റ് ഡയറക്ടർ കൃഷി	01-11-2023	31-03-2024
ശ്രീ.മനോജ് കുമാർ പി.വി	ക്ഷീര വികസന ഓഫീസർ	01-04-2023	31-03-2024
ഡോ.സുകു സി	മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി, പൂടങ്കല്ല്	01-04-2023	31-03-2024
ഡോ.വിശ്വലക്ഷ്മി എൽ	സീനിയർ വെറ്റിനറി സർജ്ജൻ	01-04-2023	14-09-2023
ഡോ.പി കാർത്തികേയൻ	സീനിയർ വെറ്റിനറി സർജ്ജൻ	15-09-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-1
3	Resumption Amount ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. LGTSB അക്കൗണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം	1-1-2
4	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-3
5	വിവിധ ഗ്രാന്റുകൾ - സൂലേഖ ചെലവ് കണക്കുകളിൽ വ്യത്യാസം	1-1-4
6	പൊതു ആവശ്യ ഗ്രാന്റ് വരവ് കണക്കിൽ വ്യത്യാസം	1-1-5
7	ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ബാധ്യത കണക്ക് - അപാകതകൾ .	1-1-6
8	പ്രത്യക ഉദ്ദേശ ഫണ്ട് - ബാധ്യത തുക ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.	1-1-7
9	ലൈബിലിറ്റി - പ്രോഗ്രാം/ സ്കീം ചെലവുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-1-8
10	അഡ്വാൻസ് കണക്ക് - വിശദാംശം ലഭ്യമാക്കിയില്ല	1-1-9
11	റീട്ടൻഷൻ ഇനത്തിലെ നീക്കിയിരിപ്പ് കൃത്യത ഉറപ്പവരുത്തേണ്ടതാണ്	1-1-10
12	ബാധ്യത കണക്ക് - വിശദവിവരം ലഭ്യമാക്കിയിട്ടില്ല	1-1-11
13	Prior Period Items (I-18) വിശദാംശം ലഭ്യമാക്കിയില്ല	1-1-12
14	ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ - കൃത്യത ഉറപ്പവരുത്തേണ്ടതാണ്	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം	1-3
17	ഫണ്ട് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	തൊഴിലുറപ്പ് പദ്ധതി	1-6
20	ക്യാഷ് വെരിഫിക്കേഷൻ	1-7
21	ആഭ്യന്തര നിയന്ത്രണം	1-8
22	രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ	1-9
23	ഭൂജലവകുപ്പ് കാസറഗോഡ് - ഡെപ്പോസിറ്റ് പ്രവർത്തികൾ– പൂർത്തീകരിച്ചിട്ടില്ല	1-10
24	കേരളാ വാട്ടർ അതോറിറ്റി - പരിയാരം കുടിവെള്ള പദ്ധതി - പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല	1-11
25	ലൈഫ് ഭവന പദ്ധതി പൂർത്തീകരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാനുള്ള വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച്	1-12
26	എച്ച്.എം.സി. വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-13
27	താലൂക്ക് ആശുപത്രിയുടെ സെക്കണ്ടറി പാലിയേറ്റീവ് പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-14
28	പൊതു സ്ഥലത്ത് ഫലവൃക്ഷത്തോട്ടം - തുടർ പരിപാലനം ഉറപ്പവരുത്തേണ്ടതാണ്	1-15
29	ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി ചെലവ് - ഫയലുകൾ ഹാജരാക്കിയിട്ടില്ല	1-16
30	തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് TUBULAR BATTERY വാങ്ങിയത്	1-17
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2

3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്	
4	റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് 1(1)/12.07.2024 കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 15.07.2024-ാം തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ നിരീക്ഷണങ്ങൾക്ക് വിധേയമായി, പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാസർഗോഡ്	
തീയതി: 31-12-2024	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

1–1–1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ്

പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

1-1-2 Resumption Amount ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. LGTSB അക്കൗണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം

എ) ട്രഷറി അക്കൗണ്ട് - 799013000000350 ൽ നിന്നും 30/03/2024 ൽ സർക്കാർ തിരിച്ചെടുത്ത 87,34,430/-രൂപ ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം പ്രസ്തുത തുക B15 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി കണക്കിൽ (Resumption Amount) ഉൾപ്പെട്ടിട്ടില്ല. അതുപോലെ വാർഷിക ധനകാര്യ പത്രിക നീക്കിയിരിപ്പിൽ ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും ശരിയല്ല (81,66,367). നീക്കിയിരിപ്പ് തുക സർക്കാർ തിരിച്ചെടുത്തതിനാൽ 31.03.2024 ലെ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് പൂജ്യമാണ്.

ബി) ബാലൻസ് ഷീറ്റ് B 15 ഷെഡ്യൂൾ പ്രകാരം 31.03.2024 ൽ ലഭിക്കുവാനുള്ള Resumption Amount ആയി ആസ്തി കണക്കിൽ ഉൾപ്പെട്ടിട്ടുള്ള 5,71,711/- രൂപയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല

1-1-4 വിവിധ ഗ്രാന്റുകൾ – സുലേഖ ചെലവ് കണക്കുകളിൽ വ്യത്യാസം

വിവിധ ഗ്രാന്റുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇനം	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ്	വ്യത്യാസം
വികസന ഫണ്ട് - ജനറൽ	32516869	32538305	21,436
സംരക്ഷണ ഗ്രാന്റ് നോൺ റോഡ്	5048898	5069307	20,409/-

(കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ പ്രൊജക്ട് നം. 85/24 (പുനർജനി കാവുകളുടെ സംരക്ഷണം) പ്രകാരം വികസന ഫണ്ടിൽ നിന്നും 21,436/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതി സുലേഖ ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ സി.ഡി.പി.ഒ. നടപ്പിലാക്കിയ പ്രൊജക്ട് നം.60/24 (ഓഫീസ് ദൈനംദിന ചെലവുകൾ) പ്രകാരം സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും ചെലവഴിച്ച 20,409/-രൂപയും സുലേഖ ചെലവ് പത്രികയിൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല)

1-1-5 പൊതു ആവശ്യ ഗ്രാന്റ് വരവ് കണക്കിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പൊതു ആവശ്യ ഗ്രാന്റ് ഇനത്തിലെ തൻ വർഷത്തെ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 5304332/-രൂപയാണ്. ബന്ധപ്പെട്ട ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലെ വരവ് 5301900/-രൂപയാണ്. മെഡിക്കൽ ഓഫീസർ, FHC വെള്ളരിക്കുണ്ട് 12.06.2023ൽ TSB അക്കൗണ്ടിൽ ഒടുക്കിയ 2432/-രൂപ (Docters Quarters Auction Amount 1900 + Gst 532) പൊതു ആവശ്യ ഗ്രാന്റ് വരവ് കണക്കിൽ ഉൾപ്പെടുത്തിയതിനാലാണ് വ്യത്യാസം ഉണ്ടായിട്ടുള്ളത്. പ്രസ്തുത വരവ് യഥാർത്ഥ ഹെഡ്ഡിൽ ഉൾപ്പെടുത്തി ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-6 ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ബാധ്യത കണക്ക് - അപാകതകൾ .

എ) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പ്രകാരം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ് & ബേസിക്) 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും ഷെഡ്യൂൾ B-4 പ്രകാരമുള്ള ബാധ്യതാ തുകയും ഒന്ന് തന്നെയാണ് (20,32,735). ഓഡിറ്റ് വർഷം സൂലേഖ ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവിൽ (86,98,864/-) നിന്നുമുള്ള റിക്കവറി തുകകൾ (IT, GST, KCWWF) തൻവർഷം തന്നെ ഒടുക്കിയിട്ടുണ്ട്. റിട്ടെൻഷൻ ഇനത്തിൽ പിടിച്ചിട്ടുള്ള 118686/-രൂപയിൽ 27902/-രൂപ ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ചിട്ടുണ്ട്. അവശേഷിച്ച തുക 90784/-രൂപ ബാങ്ക് നീക്കിയിരിപ്പിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ബാങ്ക് നീക്കിയിരിപ്പ് തുക തന്നെ വർഷാവസാന ബാധ്യത തുകയായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ കൃത്യത ഉറപ്പുവരുത്തി കൃത്യമായി റീകൺസിലേഷൻ ചെയ്ത് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ബി) ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച തുകയുടേയും തൻവർഷം ചെലവഴിച്ച തുകയുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	തൻവർഷം വരവ്	തൻവർഷത്തെ ചെലവ് (സൂലേഖ & ACR)
ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	45,25,500	4348935
ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	60,81,266	4349929
ആകെ	1,06,06,766	8698864

എന്നാൽ ട്രയൽ ബാലൻസ് പ്രകാരം വരവ് ചെലവ് കണക്ക് വ്യത്യസ്തമായ രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	78,46,921	78,46,921	76,16,059	2,30,862
ധനകാര്യക്കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്))	50,040	60,89,455	61,39,495	43,37,622	18,01,873

ട്രയൽ ബാലൻസ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ വരവ് ചെലവ് കണക്കുകളിൽ വ്യത്യാസം ഉണ്ടാകുവാനുണ്ടായ സാഹചര്യം പരിശോധിക്കേണ്ടതാണ്.

സി) ധനകാര്യക്കമ്മീഷൻ ഗ്രന്റ് - പ്രവൃത്തികളിൽ നിന്നും റീടെൻഷൻ ഇനത്തിൽ മുൻ വർഷങ്ങളിൽ ഈടാക്കി, നിലവിലും ബാങ്ക് അക്കൗണ്ടിൽ തുടരുന്ന തുകകളുടെ വിശദാംശം, മുൻ വർഷങ്ങളിൽ ഈടാക്കിയ നികുതി ഇനങ്ങൾ ഒടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-7 പ്രത്യേക ഉദ്ദേശ ഫണ്ട് - ബാധ്യത തുക ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർത്ത പ്രത്യേക ഉദ്ദേശ പദ്ധതികളുടെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17 പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഷെഡ്യൂൾ B-4 പ്രകാരമുള്ള ബാധ്യതാ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	ഷെഡ്യൂൾ B-17 പ്രകാരം നീക്കിയിരിപ്പ്	ഷെഡ്യൂൾ B-4 ബാധ്യത	വ്യത്യാസം
ടോട്ടൽ സാനിറ്റേഷൻ (320100115)	6137103	5992387	144716

ഹെൽത്ത് ഗ്രാന്റ്	35836	30786	5050

1-1-8 ലൈബിലിറ്റി - പ്രോഗ്രാം/ സ്കീം ചെലവുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ലൈബിലിറ്റി - പ്രോഗ്രാം/ സ്കീം ചെലവുകൾ ഇനത്തിൽ ബി-9 ഷെഡ്യൂളിൽ "350800119" എന്ന ഹെഡിൽ വർഷങ്ങളായി ചുവടെ പറയും പ്രകാരം തുക നിലനിൽക്കുന്നു.

2020-21	2021-22	2022-23	2023-24
86,91,971- (85,39,996 + 151975)	86,91,971-	86,91,971-	85,39,996- (86,91,971 -1,51,975)

മേൽ പ്രകാരം 31.03.2024ൽ ബാധ്യതയായി അവശേഷിക്കുന്ന തുകയുടെ വിശദാംശവും, തുക ബാധ്യതയിൽ നിലനിൽക്കുന്നതിനുള്ള കാരണവും വിശദമാക്കേണ്ടതാണ്.

1-1-9 അഡ്വാൻസ് കണക്ക് - വിശദാംശം ലഭ്യമാക്കിയില്ല

31/3/2024ലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂലെ 460500201, 460500202, 460500204 എന്നീ ഹെഡ്ഡുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് തുക അഡ്വാൻസ് ഹെഡിൽ നിന്ന് ആസ്തി ഹെഡിലേക്ക് മാറ്റുവാൻ നടപടികൾ സ്വീകരിച്ച് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രൊ.നം.136/24 പരിയാരം കുടിവെള്ള പദ്ധതിയ്ക്കായി കേരള വാട്ടർ അതോറിറ്റിയിൽ തൻവർഷം നിക്ഷേപിച്ച 20,70,000- രൂപയുടെ വിവരങ്ങൾ B-18 ഷെഡ്യൂളിൽ ഹെഡ്ഡ് 460500201 ൽ ഉൾപ്പെടുത്തിയിട്ടില്ല. അതു പോലെ വിവിധ പദ്ധതികൾ പ്രകാരം ഭൂജല വകുപ്പിൽ തൻവർഷം 5,57,675/- രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും 2,42,783/- രൂപയാണ് B-18 ഷെഡ്യൂളിൽ ഹെഡ്ഡ് 460500204 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-10 റിട്ടൻഷൻ ഇനത്തിലെ നീക്കിയിരിപ്പ് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

ബാലൻസ് ഷീറ്റിൽ ബി7 ഷെഡ്യൂൾ പ്രകാരം റിട്ടെൻഷൻ ഇനത്തിൽ 31.03.2024ൽ അവശേഷിക്കുന്ന 10,56,289 രൂപയുടെ കൃത്യത പരിശോധിക്കുക. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14/1/2020ലെ എ സി1/12/2019 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം 3 വർഷ കാലയളവ് കഴിയുന്ന തൊട്ടടുത്ത ദിവസം ഇത്തരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്. റിട്ടെൻഷൻ ലെഡ്ജർ പ്രകാരം 3 വർഷത്തിലുമധികം പഴക്കമുള്ള ഡെപ്പോസിറ്റ് തുകകൾ ക്ലെയിം ചെയ്യാതെ നിലനിൽക്കുന്നുണ്ട്. ഇവയുടെ കൃത്യത പരിശോധിച്ച് സർക്കാർ നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-11 ബാധ്യത കണക്ക് - വിശദവിവരം ലഭ്യമാക്കിയിട്ടില്ല

എ) ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ ബാധ്യത കണക്കിൽ അവശേഷിക്കുന്ന ചുവടെ ചേർത്ത തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

320100110	Centrally Sponsored Scheme- Indira Awas Yojana (IAY) -General	4,14,465-	തുകയുടെ വിശദാംശങ്ങളും തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരവും
320200399	Grants, Funds & Contributions For	30,51,407-	

	Specific Purposes - Other Than Development Fund And State Sponsore		ലഭ്യമാക്കിയിട്ടില്ല.
320700103	Contributions For Joint Venture Projects (For Capital Expenditure) From Village Panchayats	5,50,000-	ട്രഷറിയിലുള്ള സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിൽ 31.03.0204 ൽ നീക്കിയിരിപ്പ് ഇല്ല. തുക നിലവിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
320700203	Contributions For Joint Venture Projects (For Revenue Expenditure) From Village Panchayats	61,16,652-	

ബി) ചുവടെ ചേർത്ത തുകകൾ ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കിയത് സാധൂകരിക്കുന്ന ഉത്തരവുകൾ/ തീരുമാനങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

ഹെഡ്ഡ്	ഇനം	തുക
320100121	Centrally Sponsered Scheme ICDS	4,39,232
320300103	Grants Funds & Contributions For Specific Purposes – Other Govt Agencies Total Sanitation	50,000

സി) തൻവർഷം ക്യാപിറ്റൽ കോൺട്രിബ്യൂഷൻ, ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്നിവ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഡി) Natural Resourses Management Society യുടെ പേരിൽ ഉള്ള Kgb A/C 40438101040838ൽ 31.03.2024ൽ 90,78,570/-രൂപ നീക്കിയിരിപ്പുണ്ട്. പ്രത്യേക ഉദ്യേശ പദ്ധതിയ്ക്കായി ലഭ്യമായ പ്രസ്തുത തുക വിനിയോഗിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-12 Prior Period Items (I-18) വിശദാംശം ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യപത്രിക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ (I-18) Prior Period Items ൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്ത തുകകളുടെ വിശദാംശം, ഇതുമായി ബന്ധപ്പെട്ട ജേണൽ എൻട്രികളുടെ ആധികാരികത സാധൂകരിക്കുന്ന രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

280200401	Prior Period Income - Other Incomes	(-)18,031,028.00
280600401	Prior Period Expenses-Recovery Of Unutilised Grants To Government	84,138.00
280800101	Prior Period - Establishment Expenses	(-)121,400.00
280800501	Prior Period - Programme Expenses	(-)94,494.00
280800701	Prior Period - Miscellaneous Expenses	(-) 88,148.00

1-1-13 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ – കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

വാർഷിക ധനകാര്യ പത്രികയിൽ രസീപ്റ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ 40(b) യിൽ ഉൾപ്പെട്ടിട്ടുള്ളതും തൻവർഷം ഇടപാടുകൾ നടക്കാത്തതുമായ ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകളുടെ കൃത്യത പരിശോധിക്കുക. ബാങ്ക്/ ട്രഷറി അധികൃതരുമായി ബന്ധപ്പെട്ട് പ്രസ്തുത അക്കൗണ്ടുകളുടെ നിജസ്ഥിതി പരിശോധിച്ച് ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അധികൃതരിൽ നിന്നും അക്കൗണ്ടുകളിൽ നീക്കിയിരിപ്പില്ല എന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കി ഭരണ സമിതി അംഗീകാരത്തോടെ പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് കണക്കുകളിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ഇടപാടുകൾ ഉള്ളവ മാത്രം നിലനിർത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

Code	Account	Balance Amount As On 31.03.2024 As Per

		Schedule 40 (B) R&P
450250101	BPFA-I	0.00
450250103	Treasury - Own Fund-BPFA-I_3	0.00
450250110	Treasury TSB A/C	0.00
450250201	Treasury Account - COVID	0.00
450410101	SBT IWMP 1 5050	0.00
450410102	SBT IWMP 2 85276	0.00
450410103	SBT IWMP 3 5390	0.00
450410104	SBT IWMP 4 5968	0.00
450610103	KGB - IWMP 4	0.00
450610104	KGB IWMP WDF (3)	0.00
450610105	KGB IWMP WDF (4)	0.00
450610108	SBT MGNREGS 94807	0.00
450610109	KGB IWMP Training 14485	0.00
450610110	SYNB IWMP 1 - 13521	0.00
450610111	SYNB IWMP 2 - 13536	0.00
450610112	SYNB IWMP 3 - 13540	0.00
450610113	SYNB IWMP 4 - 13555	0.00
450610114	SYNB PMKSY OTHER INTER 1 - 17981	0.00
450610115	SYNB PMKSY OTHER INTER 2 - 17996	0.00
450610116	SYNB PMKSY OTHER INTER 3 - 18000	0.00
450610117	SYNB PMKSY OTHER INTER 4 - 18014	0.00
450610119	Syndicate Bank NRMS 00081	0.00
450620101	NMGB-IAY(CENTRAL)	0.00
450620104	NMGB-IWMP	0.00
450620107	IAY Administration Fund A/C	0.00
450620108	NMGB-I W M P -2	0.00
450620109	NMGB-IWMP-3	0.00

1-2 ബജറ്റ്

2023-24വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
ഭരണ സമിതി തീരുമാനം, തിയതി	1/1 തിയതി. 09.03.2023	പാസ്സാക്കിയിട്ടില്ല.
മുന്നിരിപ്പ്	3,50,60,282	-
വരവ്	73,34,85,419	-
ആകെ	76,85,45,701	-
ചെലവ്	76,76,90,825	-
നീക്കിയിരിപ്പ്	8,54,876	-

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

വർഷം	2023-24
മുന്നിരിപ്പ്	2,65,92,824
വരവ്	10,03,93,718

ആകെ	12,69,86,542
ചെലവ്	9,34,20,432
നീക്കിയിരിപ്പ്	3,35,66,110

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്	ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	3,64,38,000	3,64,38,000	3,25,38,305	-	38,99,695
വികസനഫണ്ട് എസ്.സി.പി.	0	14,37,000	14,37,000	13,82,529	-	54,471
വികസനഫണ്ട് ടി.എസ്.പി.	0	2,05,11,000	2,05,11,000	1,49,41,897	-	55,69,103
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	51,50,600	51,50,600	50,69,307	-	81,293
ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്	43,016	60,81,266	61,24,282	43,49,929	17,74,353	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied)-	5,634	45,25,500	45,31,134	43,48,935	1,82,199	-
ബിഫണ്ട്						
ഇന്റർ കാസ്റ്റ് മാര്യേജ്	0	30,000	30,000	30,000	0	-
സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്)	66,66,652	12,42,281	79,08,933	12,42,281	66,66,652	-
സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്)	0	1,44,72,000	1,44,72,000	1,44,72,000	0	-
കേന്ദ്രാവിഷ്കൃത പദ്ധതികൾ						
തൊഴിലുറപ്പ് പദ്ധതി	8,214	5,87,972	5,96,186	5,94,881	1,305	-
ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം	4,39,232	0	4,39,232	4,39,232	0	0
ടോട്ടൽ സാനിറ്റേഷൻ	59,64,848	1,72,255	61,37,103	0	61,37,103	0
ടോട്ടൽ സാനിറ്റേഷൻ IEC	30,390	877	31,267	0	31,267	0
IWMP നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി	88,23,755	2,54,815	90,78,570	0	90,78,570	0
ഹെൽത്ത് ഗ്രാന്റ്	0					
പൈക്ക Pyka	15,757	462	16,219	0	16,219	0
സംസ്ഥാനാവിഷ്കൃത പദ്ധതി						
കോർപ്പസ് ഫണ്ട്	14,37,481	41,526	14,79,007	0	14,79,007	0
സമ്പൂർണ്ണ ശുചിത്വം	50,000	0	50000	50000	0	0
കേരളോത്സവം	66,390	1,01,687	1,68,077	60,000	1,08,077	0

1) മേൽ തുകകൾ കൂടാതെ തൻവർഷം 53,01,900 രൂപ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

2) ധനകാര്യക്കമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് കണക്കാക്കിയത് മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമാണ്. ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ബാധ്യത കണക്കുമായി ബന്ധപ്പെട്ട പരാമർശം ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-1- ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

അംഗീകാരം ലഭിച്ചത്(എണ്ണം)	അടങ്കൽ	നടപ്പാക്കിയത്	ചെലവ്	ഭാഗീകമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
122	174452059	84	86289443	14	24	68.85

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

ക്രമ നം	നിർവ്വഹണോദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം		2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം		ചെലവ് ശതമാനം.
		എണ്ണം	അടങ്കൽ	എണ്ണം	ചെലവ് തുക	
1	സെക്രട്ടറി	36	110967335	24	46308201	41.73
2	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	3	8640443	3	6662351	77.10
3	അസിസ്റ്റന്റ് എഞ്ചിനിയർ	35	21989405	29	10796273	49.09
4	അസി.ഡയറക്ടർ കൃഷി	5	1221436	4	404972	33.15
5	മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി	20	13741543	18	10376808	75.51
6	ശിശു വികസന പദ്ധതി ഓഫീസർ	9	3467322	9	3190118	92.00
7	പട്ടിക വർഗ്ഗ വികസന ഓഫീസർ	3	550000	2	146699	26.67
8	പട്ടികജാതി വികസന ഓഫീസർ	3	540000	3	509483	94.34
9	ഡയറി എക്സ്റ്റൻഷൻ ഓഫീസർ & സീനിയർ വെറ്റിനറി സർജ്ജൻ	4	7992332	4	7702295	96.37
10	വ്യവസായ വികസന ഓഫീസർ	4	5342243	2	192243	3.59
	ആകെ	122	174452059	98	86289443	49.46

കുറിപ്പ് : കൃഷി അസി.ഡയറക്ടർ നടപ്പിലാക്കിയ പ്രൊജക്ട് നം. 85/24 (പുനർജനി കാവുകളുടെ സംരക്ഷണം) പ്രകാരം വികസന ഫണ്ടിൽ നിന്നും 21,436/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതി വിവരങ്ങൾ സുലേഖ ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത പദ്ധതി അടങ്കൽ 3,21,436 രൂപ, ചെലവ് 21,436/-രൂപ എന്നിവ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സി.ഡി.പി.ഒ. നടപ്പിലാക്കിയ പ്രൊജക്ട് നം. 60/24 (ഓഫീസ് ദൈനംദിന ചെലവുകൾ) പ്രകാരം സംരക്ഷണ ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും ചെലവഴിച്ച 20,409/-രൂപയും സുലേഖ ചെലവ് പത്രികയിൽ ചെലവിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയത് ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവ്	8,214	5,87,972	5,96,186	5,94,881	1,305

കുറിപ്പ്:ചെലവ് തുകയിൽ 7954/-രൂപ നോഡൽ ഓഫീസിലേയ്ക്ക് തിരിച്ചടച്ച തുകയാണ്.

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 17.12.2024 ന് 12.20 Pm മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1) ചെലവ് കണക്കുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ തൊട്ടടുത്ത മാസം പത്താം തിയതിക്ക് മുമ്പ് അംഗീകരിക്കണമെന്ന വ്യവസ്ഥ പാലിക്കുവാൻ സാധിച്ചിട്ടില്ല. ഓരോ വൗച്ചർ പ്രകാരമുള്ള ചെലവുകൾ മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. ഇതോടൊപ്പം സാംഖ്യാ കണക്കുകൾ പ്രകാരമുള്ള മുൻ മാസത്തെ വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തം കൂടി മിനുട്സിൽ രേഖപ്പെടുത്തി അംഗീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധ നൽകേണ്ടതാണ്.

2) സകർമ്മാ സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കുന്ന ഭരണ സമിതി മിനിട്സും, സ്റ്റാന്റിംഗ്കമ്മറ്റി മിനുട്ട്സുകളും യഥാസമയം പൂർത്തീകരിച്ച് ക്ലോസ്സ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) തനതു വരുമാനസ്രോതസായ വാടക കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമി ഉൾപ്പടെയുള്ള സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ജീവനക്കാരുടെ ജോലി വിഭജനം നടത്തിയതുമായി ബന്ധപ്പെട്ട വിശദമായ ഓഫീസ് ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം 16 തവണ ഓഫീസ് യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മിനുട്സ് ബുക്കിൽ മിക്ക യോഗങ്ങളുടേയും തീരുമാനങ്ങൾ പൂർത്തീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തികാണുന്നില്ല. യോഗ തീരുമാനങ്ങൾ ക്ലോസ്സ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6) ഓഡിറ്റ് വർഷം പ്രൊക്യൂർമെന്റ് സമിതി 4 തവണ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ 29/11/2023ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങൽ നടത്തേണ്ട സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി, കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കി വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യകം ശ്രദ്ധ നൽകേണ്ടതാണ്.

8) വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ്

നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്.

9) സാംഖ്യ രസീതുകളുടെ പ്രിന്റർ ഇല്ലാത്തതിനാലും, പ്രത്യേക ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലില്ലാത്തതിനാലും മാന്വൽ രസീത് മുഖേന വരവ് സ്വീകരിച്ച് ഇന്റർഫേസ്ഡ് രസീതായി സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്ന രീതിയാണ് സ്വീകരിച്ച് വരുന്നത്. ഓഡിറ്റ് വർഷം സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്ത് നൽകിയിട്ടില്ല. താൽക്കാലിക സംവിധാനം മാത്രമായ ഇന്റർഫേസ്ഡ് രസീത് നൽകൽ തുടർച്ചയായി അവലംബിക്കുന്നത് ഉചിതമല്ല.

10) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2023-24 വർഷത്തെ ബ്ലോക്ക് പഞ്ചായത്തിലേക്കുള്ള വരവുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) വരവുകൾക്ക് സാംഖ്യ സോഫ്റ്റ്വെയർ വഴിയുള്ള രസീത് നൽകുന്നില്ല

ബ്ലോക്ക് പഞ്ചായത്തിലേക്കുള്ള വരവുകൾക്ക് സാംഖ്യ സോഫ്റ്റ്വെയർ വഴിയുള്ള രസീത് നൽകുന്നില്ല. വരവ് തുകകൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 (ഡി) പ്രകാരമുള്ള കമ്പ്യൂട്ടർ ജനറേറ്റഡ് രസീതുകളാണ് ഉപയോഗിക്കേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരമുള്ള രസീതുകൾ ഉപയോഗിക്കുന്നില്ല. കൂടാതെ പണം സ്വീകരിക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം വഴി പണം സ്വീകരിക്കുന്നതിനുള്ള സംവിധാനം ആരംഭിച്ച് വരവുകൾക്ക് സാംഖ്യ സോഫ്റ്റ്വെയർ വഴിയുള്ള രസീത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, മാനുവൽ രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സ്ഥാപനം ലഭ്യമാക്കിയ രസീതി ബുക്ക് പരിശോധിച്ചതിൽ 2016-17 ൽ ഉപയോഗിച്ചു വരുന്ന രസീത് ബുക്ക് തന്നെ 2024-25 വർഷവും ഉപയോഗിച്ച് വരുന്നതായി കാണുന്നു. ആയത് ശരിയായ നടപടിയല്ല. ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന രസീതി ബുക്ക് ആ സാമ്പത്തിക വർഷം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. കൂടാതെ ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതി താളുകൾ ക്യാൻസൽ ചെയ്യേണ്ടതുമാണ്. കൂടാതെ കേരള ട്രഷറി കോഡ് വോള്യം I ആർട്ടിക്കിൾ 90 (ബി) യിലെ കുറിപ്പ് 2 ലെ നിർദ്ദേശ പ്രകാരം രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

മേൽ അപാകത സംബന്ധിച്ച് 19.12.2024 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-10 ഭൂജലവകുപ്പ് കാസറഗോഡ് - ഡെപ്പോസിറ്റ് പ്രവർത്തികൾ- പൂർത്തീകരിച്ചിട്ടില്ല

2023-24 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി ഭൂജലവകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്ത താഴെപ്പറയുന്ന പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല.

1) മൈക്കയം കുടിവെള്ള പദ്ധതി - എസ്റ്റിമേറ്റ് പ്രകാരമുള്ള ബാലൻസ് തുക നൽകൽ

പ്രൊജക്ട് നം.138/24	ഫണ്ട് - ധനകാര്യ കമ്മീഷൻ അവാർഡ്
അടങ്കൽ - 3,40,880/- രൂപ	ചെലവ് - 3,40,880/- രൂപ

പരപ്പ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഡെപ്പോസിറ്റ് പ്രവർത്തി ആയി ഉൾപ്പെടുത്തിയ ബളാൽ ഗ്രാമപഞ്ചായത്തിലെ മൈക്കയം കുടിവെള്ള പദ്ധതിക്ക് ഭൂജല വകുപ്പ് ആകെ 12,39,000/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. ആ വർഷം ആകെ 8,98,120/-രൂപ ഡെപ്പോസിറ്റ് ചെയ്തു. ബാക്കി 3,40,880/-രൂപ ഡെപ്പോസിറ്റ് ചെയ്യാനുള്ളതാണ് ഈ പദ്ധതി. സെക്രട്ടറിയുടെ ഉത്തരവ് നം.LSGD/BP/PPA(KSD)/95/22024-C/ Dt.21.3.24 അനുസരിച്ച് ഇതിൽ 3,06,792/-രൂപ വൗച്ചർ നം.XVFC/2023-24/P/51/Dt.22.3.24 പ്രകാരവും, ബാക്കി 34,088/-രൂപ വൗച്ചർ നം.XVFC/2023-24/P/67/ Dt.30.3.24 പ്രകാരവും ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കാസറഗോഡിന്റെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തു. അക്കൗണ്ട് നം.67304078476/SBI.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻകുയറി നം.02/18.12.2024)

2) നേരംകാണാതടുക്കം കുടിവെള്ള പദ്ധതി – എസ്റ്റിമേറ്റ് പ്രകാരമുള്ള ബാലൻസ് തുക നൽകൽ

പ്രൊജക്ട് നം.135/24	ഫണ്ട് –ധനകാര്യ കമ്മീഷൻ അവാർഡ്
അടങ്കൽ - 1,32,792/- രൂപ	ചെലവ് - 1,32,792/- രൂപ

പരപ്പ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഡെപ്പോസിറ്റ് പ്രവർത്തി ആയി ഉൾപ്പെടുത്തിയ കോടോം ബേളൂർ ഗ്രാമപഞ്ചായത്തിലെ നേരംകാണാതടുക്കം കുടിവെള്ള പദ്ധതിക്ക് ഭൂജല വകുപ്പ് ആകെ 2,42,622/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. ആ വർഷം ആകെ 1,09,830/-രൂപ ഡെപ്പോസിറ്റ് ചെയ്തു. ബാക്കി 1,32,792/-രൂപ ഡെപ്പോസിറ്റ് ചെയ്യാനുള്ളതാണ് ഈ പദ്ധതി. സെക്രട്ടറിയുടെ ഉത്തരവ് നം.LSGD/BP/PPA(KSD)/98/22024-C/ Dt.21.3.24 അനുസരിച്ച് ഇതിൽ 1,19,512/-രൂപ വൗച്ചർ നം.XVFC/2023-24/P/53/ Dt.24.3.24 പ്രകാരവും, ബാക്കി 13,280/-രൂപ വൗച്ചർ നം.XVFC/2023-24/P/62/ Dt.30.3.24 പ്രകാരവും ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കാസറഗോഡിന്റെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തു. അക്കൗണ്ട് നം.67304078476/SBI.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻകുയറി നം.03/18.12.2024)

3) പരപ്പച്ചാൽ കുടിവെള്ള പദ്ധതി – എസ്റ്റിമേറ്റ് പ്രകാരമുള്ള ബാലൻസ് തുക നൽകൽ

പ്രൊജക്ട് നം.137/24	ഫണ്ട് –ധനകാര്യ കമ്മീഷൻ അവാർഡ്
അടങ്കൽ - 75,003/- രൂപ	ചെലവ് - 75,003/- രൂപ

പരപ്പ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഡെപ്പോസിറ്റ് പ്രവർത്തി ആയി ഉൾപ്പെടുത്തിയ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിലെ പരപ്പച്ചാൽ കുടിവെള്ള പദ്ധതിക്ക് ഭൂജല വകുപ്പ് ആകെ 9,06,000/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. ആ വർഷം ആകെ 8,30,997/-രൂപ ഡെപ്പോസിറ്റ് ചെയ്തു. ബാക്കി 75,003/-രൂപ ഡെപ്പോസിറ്റ് ചെയ്യാനുള്ളതാണ് ഈ പദ്ധതി. സെക്രട്ടറിയുടെ ഉത്തരവ് നം.LSGD/BP/PPA(KSD)/99/2024-C/ Dt.22.3.24 അനുസരിച്ച് 75,003/-രൂപയിൽ 67,502/-രൂപ വൗച്ചർ നം.XVFC/2023-24/P/54/ Dt.24.3.24 പ്രകാരവും, ബാക്കി 7,501/-രൂപ വൗച്ചർ നം.XVFC/2023-24/P/66/ Dt.30.3.24 പ്രകാരവും ജില്ലാ ഓഫീസർ ഭൂജലവകുപ്പ് കാസറഗോഡിന്റെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തു. അക്കൗണ്ട് നം.67304078476/SBI.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻകുയറി നം.04/18.12.2024)

മേൽ വിവരിച്ച 3 ഡെപ്പോസിറ്റ് പ്രവർത്തികളുമായി ബന്ധപ്പെട്ട് നൽകിയ എൻകുയറികൾക്ക് 19.12.24 ന് മറുപടി നൽകിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ചുവോ എന്ന് മറുപടിയിൽ വിശദീകരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന് ഭൂജലവകുപ്പിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. അതിനാൽ ഈ 3 ഡെപ്പോസിറ്റ് പ്രവർത്തികളുടെയും പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ,

വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്, അതുവരെ ആകെ ചെലവ് തുക 5,48,675/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-11 കേരളാ വാട്ടർ അതോറിറ്റി - പരിയാരം കുടിവെള്ള പദ്ധതി - പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി	പ്രൊജക്ട് നം.136/24
അടങ്കൽ- 23,00,000/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)	ചെലവ് - 23,00,000/- രൂപ

പരപ്പ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഡെപ്പോസിറ്റ് പ്രവർത്തി ആയി ഉൾപ്പെടുത്തിയ പനത്തടി ഗ്രാമപഞ്ചായത്തിലെ പരിയാരം കുടിവെള്ള പദ്ധതിക്ക് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കേരളാ വാട്ടർ അതോറിറ്റിക്ക് 25.1.23 ന് കത്ത് നൽകി. 24.3.24 ന് കത്ത് നം.D3-4268/2022 പ്രകാരം എക്സി.എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ കാസറഗോഡ് പദ്ധതിക്കായി ആകെ 35.6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. തുക കേരളാ വാട്ടർ അതോറിറ്റി അക്കൗണ്ടിലേക്ക് നിക്ഷേപിക്കാനും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണസമിതി തീരുമാനം നം.1(4)/30.3.23 പ്രകാരം എസ്റ്റിമേറ്റ് അംഗീകരിച്ചു.

സെക്രട്ടറിയുടെ ഉത്തരവ് നം.LSGD/BP/PPA(KSD)/94/2024-C/ Dt.21.3.24 അനുസരിച്ച് 23,00,000/- രൂപയിൽ 20,70,000/-രൂപ വൗച്ചർ നം.XVFC/2023-24/P/52/ Dt.22.3.24 പ്രകാരവും, ബാക്കി 2,30,000/-രൂപ വൗച്ചർ നം.XVFC/2023-24/P/64/ Dt.30.3.24 പ്രകാരവും എക്സി.എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി കാസറഗോഡിന്റെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തു. അക്കൗണ്ട് നം.10510439545/SBI.

ഈ പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.05/18.12.2024ക്ക് 19.12.24ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി സമർപ്പിക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. അതുവരെ ചെലവ് തുക 23,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-12 ലൈഫ് ഭവന പദ്ധതി പൂർത്തീകരണം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാനുള്ള വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച്

2023-24 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പൂർത്തീകരണം പദ്ധതിയിൽ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയത് സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1) ലൈഫ് ഭവനപദ്ധതി-ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം-ജനറൽ

പ്രൊജക്ട് നം.54/24	ഫണ്ട് -വികസന ഫണ്ട് (ജനറൽ)
അടങ്കൽ - 72,87,600/- രൂപ	ചെലവ് - 72,00,000/- രൂപ

പരപ്പ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ഭവനപദ്ധതി ജനറൽ ഗുണഭോക്താക്കൾക്ക് വീട് പൂർത്തീകരിക്കാൻ തുക നൽകാനുള്ളതാണ് ഈ പദ്ധതി. പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

